**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **2140**

05.12.2018 ൽ
മറുപടിയ്ക്ക്

**കരുനാഗപ്പള്ളിയിൽ എം.എ.സി.ടി കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) 2017 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ കരുനാഗപ്പള്ളി സ്റ്റേഷൻ പരിധിയിലെ വാഹനാപകടങ്ങൾ സംബന്ധിച്ച വിശദമായ കണക്ക് ലഭ്യമാക്കുമോ:

(എ)

| ക്രമ നം | ക്രൈം ഹെഡ് | അപകടം രേഖപ്പെടുത്തിയ കേസുകളുടെ എണ്ണം |
|---|---|---|
| 1 | 279 ഐ.പി.സി (ആർ.ടി.ഐ) കേസുകൾ | 7 |
| 2 | അതീവ ഗുരുതരമായ അപകടം രേഖപ്പെടുത്തിയ കേസുകൾ | 37 |
| 3 | അതീവ ഗുരുതരമല്ലാത്ത അപകടം രേഖപ്പെടുത്തിയ കേസുകൾ | 389 |
| 4 | ചെറിയ തോതിലുള്ള വാഹനാപകടങ്ങൾ | 17 |

(ബി) പ്രസ്തുത പ്രദേശത്തെ വാഹനാപകടങ്ങൾ സംബന്ധിച്ച കേസുകൾ ഏത് കോടതിയിലാണ് ഫയൽ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ:

(ബി) കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലാണ് പ്രസ്തുത വാഹനാപകടങ്ങൾ സംബന്ധിച്ച കേസുകൾ ഫയൽ ചെയ്യുന്നത്.

(സി) എം.എ.സി.ടി കോടതി സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റ് ഹൈക്കോടതി പ്രസിദ്ധീകരിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ കരുനാഗപ്പള്ളിയിൽ പ്രസ്തുത കോടതി സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ പദവി എത്രയെന്ന് വിശദീകരിക്കുമോ:

(സി) എം.എ.സി.ടി കോടതി സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റ് 17.04.2012 തിയതിയിലെ സ.ഉ (സാധാ)നം . 1159/2012/ആഭ്യന്തരം ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി എം.എ.സി.ടി കോടതി മേൽ ലിസ്റ്റിൽ 8- മത് ആണ്.

(ഡി) കൊല്ലം വഖഫ് കോടതി നിർത്തലാക്കിയപ്പോൾ അവിടെയുള്ള സ്റ്റാഫിനെ എങ്ങനെ പുനർ വിന്യസിച്ചുവെന്നും പ്രസ്തുത ജീവനക്കാരെ ഉപയോഗിച്ച് കരുനാഗപ്പള്ളി എം.എ.സി.ടി കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദീകരിക്കുമോ?

(ഡി) കൊല്ലം വഖഫ് കോടതി അഥവാ അഡിഷണൽ ജില്ലാ കോടതി III യുടെ പ്രവർത്തനം ഇന്നേ തിയ്യതിവരെക്കും നിർത്തിവെച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ